# ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: എൻ.പത്മകുമാർ, ഐ.എ.എസ്.)

**സംഗ്രഹം**

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം - താത്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

=======================================================================

ഉത്തരവ് നം: 401/എസ്റ്റാ.ബി1/2020/സി.ആർ.ഡി. തീയതി: 27/10/2020

=======================================================================

പരാമർശം:- (1) ജി.ഒ(പി) നം.44/11/എൽ.എസ്.ജി.ഡി തീയതി 16.02.2011.

(2) അസാധാരണ ഗസറ്റ് നം. 6308/എസ്റ്റാ എ2/2019/സിആർഡി തീയതി 30.09.2020

(3) ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 20/08/2020-ലെ എ.5-413/20 നമ്പർ കത്ത്.

(4) ശ്രീ. സുരേഷ്. കെ., സീനിയർ സൂപ്രണ്ട്, ഇടുക്കിയുടെ 18/08/2020-ലെ അപേക്ഷ.

## ഉത്തരവ്

പരാമർശം (2) പ്രകാരമുള്ള മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ ചുവടെചേർക്കുന്ന ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്ക് 36600-79200 ശമ്പള സ്കെയിലിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ കെ.എസ്.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 31 (എ)(1) വ്യവസ്ഥകൾക്ക് വിധേയമായി ,കേഡർ സ്ട്രെങ്ത്തിൽ അധികമായിവരുന്ന പക്ഷം ടി ജീവനക്കാരെ റിവർട്ട് ചെയ്യുന്നതാണ് എന്ന വ്യവസ്ഥയിൽ, താല്ക്കാലിക സ്ഥാനക്കയറ്റം നല്കി ചുവടെചേർക്കും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു. ടി ജീവനക്കാർ റിവർട്ട് ചെയ്യാതെ തുടരുന്നപക്ഷം, കേഡർ സ്ട്രെങ്ത്തിൽ ഒഴിവ് വരുന്ന തീയതി പ്രാബല്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം ക്രമീകരിച്ച് നല്കുന്നതും ടി തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം നിരീക്ഷണകാലവുമായിരിക്കുന്നതാണ്.

| ക്രമ നമ്പർ | പേര്, നിലവിലെ തസ്തിക | സീനിയോറിറ്റി നമ്പർ | പെൻ നമ്പർ | താല്ക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | ശ്രീമതി. റഹീമ . വി.വി<br>ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്.), മൂവാറ്റുപുഴ | **1428** | **203869** | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് അട്ടപ്പാടി |
| 2 | ശ്രീമതി. പ്രതീക്ഷ പി. വി<br>ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്.), പള്ളുരുത്തി | 1429 | 202622 | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത്,<br>തിരൂരങ്ങാടി |

വിശേഷാൽ ചട്ടപ്രകാരം സീനിയർ സുപ്രണ്ട് തസ്തികയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയും Interchangable ആയതിനാൽ, പരാമർശം (4) അപേക്ഷ പരിഗണിച്ച് ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം സീനിയർ സൂപ്രണ്ടായ ശ്രീ. സുരേഷ്. കെ. (പെൻ: 203695..) തസ്തിക മാറ്റി പാലക്കാട് ജില്ല ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് പ്രോഗ്രാം ഓഫീസറായി നിയമിക്കുന്നു. കേഡർ സ്ട്രെങ്ത് ഒഴിവ് വരുന്ന മുറയ്ക്ക് ടിയാന്റെ നിയമനം ക്രമീകരിച്ച് നല്കുന്നതും പ്രസ്തുത തീയതി മുതൽ തുടർച്ചായായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് . വർഷക്കാലം നിരീക്ഷണ കാലമായിരിക്കുന്നതുമാണ്.

ബന്ധപ്പെട്ട മേലധികാരികൾ പകരക്കാരെ കാത്തുനില്ക്കാതെ ടി ജീവനക്കാരെ, അടിയന്തരമായി വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

സ്വീകർത്താവ്:-

വ്യക്തികൾക്ക് (മേലധികാരി മുഖേന)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
3. ബന്ധപ്പെട്ട പ്രോജക്ട് ഡയക്ടർ/ജെ.പി.സി മാർക്ക്
4. ബന്ധപ്പെട്ട അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക്
5. **എസ്റ്റാ.ബി3 സീറ്റ്, ഡി സെക്ഷൻ**
6. കരുതൽ ശേഖരം

**ഉത്തരവിൻ പ്രകാരം**

**ജൂനിയർസൂപ്രണ്ട്**